


## ടി ഐ എച്ച് എസ് എസ് നായമ്മാർമൂല

# തൻബീഹ്

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ





# ആമുഖം

സങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ
ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും
പ്രയോജനപ്പെടുത്തുന്നതിനായി
"ലിറ്റിൽകൈറ്റസ് "
എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ
ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ
പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്.
ടി.ഐ.എച്ച്.എസ്.എസ്.നായൻമാർമൂല സ്കൂളിലെ
ലിറ്റിൽകൈറ്റസ് വിദ്യാർത്ഥികൾ തയ്യാറാക്കിയതാണ് " " എന്ന
ഡിജിറ്റൽ മാഗസിൻ.ഞങ്ങളുടെ വിദ്യാലയത്തിലെ
അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും
കവിതകളും ചിത്രങ്ങളും കഥാസമാഹാരങ്ങളുമാണ് ഇതിൽ
ഉൾപെടുത്തിയിട്ടുള്ളത്.
അധ്യാപകരുടെ വൈവിദ്യമാർന്ന പരിശീലനങ്ങളിലൂടെ
ഞങ്ങൾക്ക് നല്ല രീതിയിൽ മാഗസിൻ തയ്യാറാക്കാൻ സാധിച്ചു.
ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികളുടെ
ആദ്യ സംരഭമാണ് ഈ മാഗസിൻ.
ഞങ്ങൾ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

## സന്ദേശം



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് കുട്ടികൾ ഒരുമികച്ച ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. പുത്തനറിവും ആശയങ്ങളും പുതിയ സാങ്കേതിക യുഗവും വിദ്യാർഥികളിൽ നല്ല പരിവർത്തനങ്ങളാണ് ഉണ്ടാക്കുന്നത് . അത് ഏറ്റവും പ്രതീക്ഷ ഉളവാക്കുന്നതാണ്. കുട്ടികൾക്കും അവർ തയ്യാറാക്കുന്ന സൃഷ്ടികൾക്കും ലിറ്റിൽകൈറ്റ്സിനും എൻ്റെ എല്ലാവിധ ആശംസകളും അറിയിക്കുന്നു.

എന്ന്
**പി.നാരായണൻ**
പ്രധാനാധ്യാപകൻ

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | ബെന്നി കെ ജെ |
| അംഗങ്ങൾ | ആർദ്ര കെ |
| | മസ്ന അബ്ദുല്ല |
| | ദേവനന്ദ് |
| | ആയിഷത്ത് ഷംനാസ് |
| | അബ്ദുൽ ബാസിത്ത് പി ആർ |
| | ഷംന ഫാത്തിമ |

# ദൈവം

അവനവനെ വിശ്വാസമില്ലാത്തവൻ
ദൈവത്തിനപരനാമങ്ങൾ ജപിച്ചീടുന്നു
അവനവനെ കാണുവാൻ കഴിയാത്തവൻ
ദൈവത്തെ കാണാൻ ശ്രമിച്ചീടുന്നു

അപരന്റെ കണ്ണീർ തുടച്ചുനീക്കീടാതെ
അനുഗ്രഹം തേടി അലയുന്ന മർത്ത്യാ
ജീർണ്ണതയിലല്ല ദൈവം മനസ്സിന്റെ
പൂർണ്ണതയിലാണ് ദൈവം

നിറമുള്ള സ്വപ്നങ്ങളൊന്നു കാണാത്തവൻ
തെരുവിന്റെ നിലവിളിയൊന്ന് കേൾക്കാത്തവൻ
തിരയുന്നതെങ്ങനെ ദൈവകോലങ്ങളേ
അറിയുന്നതെങ്ങനെ ദൈവവചനങ്ങളേ
ഒരു നേരമന്നത്തിനന്യനെതേടുന്ന
പട്ടിണിപ്പാവത്തിലുണ്ടുദൈവം
ഉരിയരിക്കഞ്ഞിക്കായ്
കേഴുന്ന കുഞ്ഞിന്റെ
പഞ്ഞക്കുടിലിലിലുമുണ്ടുദൈവം
പൂക്കളെപ്പോലും കീറിമുറിക്കുന്ന
വ്രണിത മനമുള്ളോരുമർത്ത്യാ
ജീർണ്ണതയിലല്ല ദൈവം, മനസ്സിന്റെ
പൂർണ്ണതയിലാണ് ദൈവം

--കെ ടി എൻ രാധാകൃഷ്ണൻ

# Can You Guess

***-Which colour is low?***

***Yellow***

***- Which story tell us about the past?***

***History***

***-Which ink makes intelligent?***

***Think***

***- What is the middle of you?***

***Letter 'O'***

***- Which table has no legs?***

***Multiplication table***

***- The room that visit every room every day?***

***Broom***

***-which is the biggest ant?***

***Elephant***

***-Name the place where there is God?***

***Kasaragod***

***-Which sand can be counted?***

***Thousand***

Khaddejath Shaniba- IX M

# മകനോടായ്

പ്രകൃതി സുന്ദരമാമീ
ഭൂവിൽ വാഴണമേറെ
മോദത്താൽ നീ !
വർണ്ണാന്ധത ബാധിച്ച
മതത്തിൻ മുൾവേലിക്കെട്ടിൽ
കെണിഞ്ഞാൽ കിനിഞ്ഞിടും ചുടുചോര

മത ഭ്രാന്തിൻ പോർവിളിയില്ലാതെ,
മതവൈരം മനസ്സിൽ
കലർത്താതെ സഹിഷ്ണുതയുടെ
പാതയിൽ മുന്നേറീടണം

പല വർണ്ണക്കൊടികളാൽ
പോരിൻ പടക്കളം തീർത്ത
ഒരേ രുധിരമൊഴുക്കും
രാഷ്ട്രീയത്തിമിരം
ബാധിച്ചവരുടെ പിറകെ
പടയണി ചേർന്നിടല്ലേ

തണൽ വിരിച്ചിടേണ്ട
നിൻ കരങ്ങൾ
വൃദ്ധമനസിൻ കരിഞ്ഞ
സ്വപ്നങ്ങളെയടക്കാനുള്ള
ശവക്കുഴിയുടെ
കാവൽക്കാരനായി
തീർന്നീടല്ലേ ....... മകനേ!

ഹൃദയവിഹായസിൽ
വിടരും സ്നേഹ സൗരഭ്യം
പകർന്നിടേണമേവരിലുമായി
നീയെന്നും!

അത്യാർത്തിയുടെ
ക്രൂര ദംഷ്ട്രകളേറ്റ്
പിടയും ഭൂമിമാതാവിൻ
കണ്ണീരൊപ്പാൻ ശക്തിയുണ്ടായിടേണം
നിൻ കരങ്ങൾക്ക് മകനെ!
നിൻ പ്രവൃത്തിയുടെ
തീക്ഷ്ണതയാൽ
കണ്ണീരണിയിക്കല്ലേ
ഒരു കവിൾത്തടങ്ങളും !
ബാല്യത്തിൽ നിന്നിലേക്കായ്
പകർന്ന ധർമ്മമൂല്യത്തിൽ നിന്നു
യിർക്കൊണ്ടുത്തമനായ് നീ
വളർന്നീടേണം !

-എം.എ. മുംതാസ്

# Do it today

In the hills of North India there once lived a Mahatma named Sadananda. His powerful words and miracles had spread far and wide. Many people would come from far off places to visit him. Among them was a devotee Sri Tamasapriya who became extremely attached to the service of the master. He would run errands, cook the meals, clean the room and look after all the physical needs of the Mahatma.

After many months of such dedicated service the Mahatma called him one day and said “My son I am going away from this place. Here is a magic stone. Any iron objective you touch with it will immediately turn into gold. I am giving you this as a reward for all your services to me. But I will come back after two days and will take back the stone. So you have two days to make yourself rich for the rest of your life”. Tamasapriya bowed his head in gratitude and the Mahatma left the place.

When the Mahatma had gone, Tamasapriya thought “ I have got two days to make all the gold I want. Today I will rest after all the hard work. Tomorrow morning I will go and get a mound of iron and convert it into gold.Thinking so he went to sleepand got up towards noon the next day. Immediately he went to the market place. By then the iron monger’s shop had closed. So he decided to have a good meal from a hotel. After the meall he felt drowsy and lay down under. By the time he woke up, the sun had set, the shops had closed and the people were heading to their homes. So he too decided to go home consoling himself that one more day is left at his disposal. Next morning he got up early and went to the iron monger’s shop. The iron monger weighed him a mound of iron, but the problem was how to get it home. He sought the help of some people but it being busy market day, they all had their own work to do. So he decided to go home and get his brother’s help. The market was far from his house. The afternoon Sun shone fiercely overhead, so Tamasapriya rested for sometime under a shady tree. refreshed after his rest he continued his journey to home and reached at his home.

Imagine his dismay when he saw the quiet figure of Mahatma on his door step ! The man fell at his feet and begged for the stone for another day. The Mahatma just smiled and said “ O fool why did you go so far to get iron. Why didn’t you convert the iron objects in your own home into gold. You wasted the valuable time.” Opportunities not availed are, indeed opportunities lost! Never be a Tamasapriya ,a lover of indolence.

Fatimath Sifa -10th M

# ലഹരിയും യുവത്വവും

ലഹരിക്കടിമപ്പെട്ട പുതു യുവത്വങ്ങളാണ് ഇന്ന് നാം വസിക്കുന്ന സമൂഹത്തെ കാണപ്പെടുന്നത്. ലഹരി എന്ന് സമൂഹത്തിൻറെ ഏറ്റവും വലിയ ചർച്ചാവിഷയം. എത്ര പറഞ്ഞാലും തീരില്ല ലഹരിയുടെ മാരകമായ ഉപയോഗങ്ങളെ കുറിച്ചും ദോഷങ്ങളെ കുറിച്ചും. എന്ന് ലഹരിക്കപ്പെട്ട വിഭാഗം കൂടുതലും യുവത്വങ്ങളാണ്. യുവത്വം ഏതൊരു മനുഷ്യന്റെയും രൂപവും ഭാവവും വേഷവും മാറുന്ന കാലഘട്ടം. മനുഷ്യൻ വളരെയധികം പ്രാധാന്യം നൽകുന്ന ഒരു കാലഘട്ടമാണ് യുവത്വം. ഈ കാലയളവിലാണ് മനോവികാരങ്ങൾ തുടങ്ങുന്നത്. ഇന്ന് പ്രധാനമായ ഒരു വികാരമാണ് പ്രണയം. പ്രണയത്തിന്റെ ലഹരി ഉൾക്കൊള്ളുന്ന വ്യക്തികളാണ് മാരകവിഷമായ ലഹരിപദാർത്ഥങ്ങൾക്ക് അടിമപ്പെടുന്നത്. കൂടുതലായും ആൺകുട്ടികളായിരുന്നു ലഹരിപദാർത്ഥങ്ങൾക്ക് അടിമപ്പെട്ടിരുന്നത്. ഇന്നത്തെ യൗവന കാലത്തിന്റെ വേഗത്തിൽ പെൺകുട്ടികളും ഒട്ടും പിന്നോട്ടല്ല. ലഹരിപദാർത്ഥങ്ങൾ ഇന്ന് പെൺകുട്ടികളിലും കൂടുതലായി കാണപ്പെടുന്നു. എന്ന് ചെറിയ കുട്ടികൾക്ക് പോലും ലഹരിപദാർത്ഥങ്ങളുടെ പേരും അതിന്റെ ഉപയോഗ രീതി ദോഷങ്ങൾ എന്നിവയെല്ലാം മനഃപാഠമാണ്. അത്യധികം വേഗത്തിലാണ് ലഹരി ഉപയോഗത്തിന്റെ സഞ്ചാരം. കൂടുതലായും സ്കൂൾ കുട്ടികളാണ് ലഹരി കടന്നുപോകുന്നത്. ചെറിയ കുട്ടികൾ പോലും ലഹരിക്ക് അടിമയാണ് പിന്നെ യുവത്വങ്ങളുടെ കാര്യം പറയേണ്ടല്ലോ. അത്യധികം എത്രയൊക്കെ നശിപ്പിക്കാൻ ശ്രമിച്ചാലും നശിക്കാതെ ഒന്നായി മാറി ഇന്ന് ലഹരി പദാർത്ഥങ്ങൾ. കൈമാറ്റ രീതിയിലാണ് ലഹരിയുടെ സഞ്ചാരം. മുതിർന്നവരിൽ നിന്ന് കുട്ടികളിലേക്ക്. അതിൻറെ ഇതിൻറെ ഒരു ഉപയോഗത്തിൽ തന്നെ അതിന് അടിമപ്പെടുമെന്നാണ് തിരിച്ചറിവിൻറെ വിശ്വാസം. ലഹരി ഉപയോഗിച്ച ഒരാൾ പിന്നീടുണ്ടാകുന്നത് മറ്റൊരു ലോകത്താണ്. ഉപയോഗിച്ചവർക്ക് സ്വർഗ്ഗവും ഉപയോഗിച്ചവരെ കാണുന്നവർക്ക് ലോകം നരകവും ആയിരിക്കും. മനുഷ്യന്റെ സങ്കല്പങ്ങൾ ആണ് സ്വർഗ്ഗവും നരകവും ഒക്കെ.എന്തിരുന്നാലും സ്വർഗം എന്ന് പറയുമ്പോൾ നാം ഓർക്കുന്നത് ദൈവങ്ങളെയും നരകം എന്ന് പറയുമ്പോൾ നാം ഓർക്കുന്നത് ചെകുത്താൻമാർ പിശാചുക്കളും ആണല്ലോ. അങ്ങനെ കാണുമ്പോൾ ലഹരി ഉപഭോക്താക്കൾ പിശാചുക്കളും ആണല്ലോ. അങ്ങനെ തന്നെയായിരിക്കും ലഹരി ഉപയോഗിക്കുന്നവരുടെ രൂപവും. പ്രത്യേകിച്ച് തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ ആയിരിക്കും. ചുവന്നുതുടുത്ത കണ്ണുകൾ, നീർവികം വെച്ച് പോലെയുള്ള ശരീരം, ഇരുട്ടിൻറെ ശക്തിയിൽ ഉള്ളതുപോലെയുള്ള ഭീകരമായി ചുണ്ടുകൾ, ഭ്രാന്തനാരെ പോലെയുള്ള മുടിയും താടിയും. മൊത്തത്തിൽ ഇരുട്ടിൻറെ മറവിലുള്ള വവ്വാലുകളെ പോലെ. ഇതിൽനിന്ന് മുക്തി നേടാൻ നിരവധി സംവിധാനങ്ങൾ ഇന്ന് നിലവിലുണ്ട്. കൗൺസിലിങ്ങ്, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നിലവിലുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഒന്ന് യോദ്ധാവ് പദ്ധതി. പോലീസുകാർ നടപ്പാക്കുന്നതാണ യോദ്ധാവ്.എന്ന നിരവധി ലഹരി ഉപയോഗക്കാരും സാധാരണ മനുഷ്യന്റെ രീതിയിൽ മാറിയിരിക്കുന്നു. ലഹരിമുക്തലോകമായി മാറണം എന്ന് പ്രയത്നിക്കും എന്ന് വിശ്വസിക്കുന്നു...

**കദീജത്ത് ഇഫ്ര**

# വൈക്കം മുഹമ്മദ്ബഷീർ

## ജീവചരിത്രക്കുറിപ്പ്

1098 ജനുവരി 21ന് കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്തുള്ള തലയോലപ്പറമ്പിൽ ജനനം. പിതാവ് കായ് അബ്ദുറഹ്മാൻ മാതാവ് കുഞ്ഞാത്തുമ്മ സഹോദരങ്ങൾ അബ്ദുൽ ഖാദർ, പാത്തുമ്മ, ഹനീഫ, ആനുമ്മ, അബൂബക്കർ പ്രാഥമിക വിദ്യാഭ്യാസം നിർവഹിച്ചത് തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.സ്കൂളിൽ പഠിക്കുമ്പോൾ വീട്ടിൽ നിന്ന് ഒളിച്ചോടി സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളുടെ ഭാഗമായി ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചു. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രദേശീയ വാദ സംഘടന ഉണ്ടാക്കി സംഘത്തിൻറെ മുഖപത്രമായ ഉജ്ജീവനത്തിന്റെ പ്രഭ എന്ന തൂലികാനാമത്തിൽ സ്വാതന്ത്ര്യ സമര ലേഖനങ്ങൾ എഴുതി. കാരി പിന്നീട് കണ്ടുകെട്ടി. 9 വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. കൂടാതെ ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും ചുറ്റി സഞ്ചരിച്ചു. ഈ കാലങ്ങളിൽ പല തൊഴിലുകളിലും ഏർപ്പെട്ടു. നിരവധി ഭാഷകളും സ്വായത്തമാക്കി ഹൈന്ദവ സന്യാസിമാരുടെയും സൂഫി വര്യന്മാരുടെയും കൂടെ കുറേക്കാലം കഴിച്ചുകൂട്ടി. ധാരാളം അനുഭവത്തോടെ കേരളത്തിൽ മടങ്ങിയെത്തി. സാഹിത്യ രചനയിലും ഏർപെട്ടു. പ്രണയം, ദാരിദ്ര്യം, പരുക്കൻ ജീവിതയാഥാർത്ഥ്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതായിരുന്നു ബഷീറിൻറെ മിക്ക രചനകളും. 'തങ്ക'മാണ് പ്രസിദ്ധീകരിച്ച ആദ്യ കഥ. പ്രേമലേഖനം, ആദ്യ നോവലും. ബഷീർ രചിച്ച പ്രധാന കൃതികൾ നിരവധി വിദേശ ഭാഷകളിലേക്കും വിവിധ ഇന്ത്യൻ ഭാഷകളിലേക്കും തർജ്ജമ ചെയ്യിട്ടുണ്ട്. തന്റേതുമാത്രമായ വാക്കുകളും ശൈലികളുമായിരുന്നു ബഷീറിൻറെ സവിശേഷത ബഷീറിയൻ ശൈലി എന്നറിയപ്പെട്ടു. 1958 ഡിസംബർ 18 ആയിരുന്നു ബഷീറിൻറെ വിവാഹം. ബഷീർ വിവാഹം കഴിച്ചത് ഫാത്തിമ ബീബി ആയിരുന്നു. അവർ ഫാബി ബഷീർ എന്നറിയപ്പെട്ടു. മക്കൾ ശാഹിന അനീസ് പ്രധാന ക്രിതികൾ നോവൽ: പ്രേമലേഖനം, പാത്തുമ്മയുടെ ആട്, ബാല്യ കാല സഖി, ആനവാരിയും പൊൻകുരിശും, സ്ഥലത്തെ പ്രധാന ദിവ്യൻ, ശബ്ദങ്ങൾ, മതിലുകൾ, കഥകൾ: ജന്മദിനം, വിശപ്പ്, വിശ്വവിഖാതമായ മൂക്ക്, ഭൂമിയുടെ അവകാശികൾ, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ. പ്രധാന പുരസ്കരങ്ങൾ: കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് (1970), കേരള സാഹിത്യ അക്കാദമി (1981) എന്നിവ ലഭിച്ചു 1982ൽ ഇന്ത്യ ഗവൺമെൻറ് പത്മശ്രീ നൽകി ആദരിച്ചു. 1987ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡോക്ടർ ഓഫ് ലെറ്റേഴ്സ് ബിരുദം നൽകി. പ്രേം നസീർ, ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം എന്നിവ ലഭിച്ചു. 1994 ജൂലൈ 5ന് ബഷീർ ഈലോകത്തോട് വിടപറഞ്ഞു.

## പ്രധാന കൃതികൾ

- പാത്തുമ്മയുടെ ആട്
- ശബ്ദങ്ങൾ
- മാന്ത്രിക പൂച്ച
- മതിലുകൾ
- തേന്മാവ്
- ഓർമ്മക്കുറിപ്പ്
- പ്രേമലേഖനം
- പാവപ്പെട്ട
- ആനവാരിയും പൊൻകുരിശും
- അനുരാഗത്തിന്റെ ദിനങ്ങൾ
- ന്റു പ്പൂപ്പാക്കൊരാനെണ്ടാർന്ന്
- ജന്മദിനം
- ഭാർഗവീനിലയം
- ഭൂമിയുടെ അവകാശികൾ
- സർപ്പയജ്ഞം
- അനർഘ നിമിഷം
- സ്ഥലത്തെ പ്രധാന ദിവ്യൻ
- വിശപ്പ്
- മരണത്തിന്റെ നിഴലിൽ
- യാ ഇലാഹി
- വിശ്വവിഖ്യാതമായ മൂക്ക്
- ആനപ്പൂട

# والِداتِي

خَدِيجَة زُبَيْدة يم

والِداتِي فِكْرَتِي والِداتِي اَحِبّت
والِداتِي جَنَّتِي والِداتِي خِدْمَتِي
والِداتِي عَيْشتِي والِداتِي رَحْمَتِي
والِداتِي بَرْكَتِي والِداتِي شُكْرَتِي
كَمْ مِنْ شُهُورِ تَنْعَبُ كَمْ مِنْ أيّام تَسْهَرُ
كَمْ مِنْ أبْنَاءٍ تُربِّي بِمَحَبّةٍ وَ رَحْمَةٍ
يَا ربِّ بَارِكْهُمْ لنَا يَا ربّ سَلِّمْ لنَا
نَجْمَع الدَّارِيْن لنَا نَحْفَظ اللّٰه الْكَرِيم
نَرْفَعُ اللّٰه يدَيْنَا بَرَكَاتٍ بِالدُّعَاء
نَحْفَظ اللّٰه الْعَظِيم نَحْمَدُ اللّٰه الرَّحِيم

# الهام من ربّ الْعالمين

عائشة رميزة      الصف التاسع

الهم اللّه زكريا  وهو بين  من انبياء  ومن الخلفاء ازكياء
ان من يقدر عليّ ان يكرم فتاة صالحة  احصلت امّها في
تزريبها والدعاء لها    واحصلت  هي في طاعة  والعبادة
بفواكه سابقة لِزمانها  او متأخرة عن اوانها   تقدر ان يهب
شَيخ  قد طعنا في سنّ  وعلاه  الشيْب   واثرّ فيه الوهن   ولد
قد انقطع منه الرجاء لِعُلوّ سنّ  وعقر الزوج  وجرت العاجة الا
يولد لرجل في هذه الحال

فجاشت نفسه وعالت همّته وانتعش العمل وقويت الثّقة باربّي
ففاض لسانه بدعاء الامنت عليه الملائكة وتحرّكة به رحمة
اللّه وكان كلّه الهام من ربّ الرحيم  هنالك دعا  زكريا ربّه
قال ربي هب لي من لدنك ذريه طيّبة انّك سميع الدعاء
ال عمران ٣٨



# രക്തത്തിന്റെ മണം

മാറുന്ന മാനുഷ്യരെന്നു കരുതി
മാറുന്നില്ല  മഹിയെന്നും
രക്തം ചീന്തുന്ന ചേകവനാടിന് കണ്ണീരൊ-
ലിഞ്ഞൊരു ദിനമില്ല
മണ്ണിന്റെ മധുവാർന്ന മാധുരിയിൽ നിന്ന്-
ചോരതൻ തിളപ്പിന്റെ  മണമാറുന്നു
മരണം  ഭയമുള്ള മാനവർക്കിന്ന്
മരണമെന്ന ചിന്തയില്ല
കൊല്ലും കൊലവിളിയുയായി നടന്നവർ
ജീവിതത്തിൽ ഇന്നെന്തുനേടി

- ആരതി  -